**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3929** **03-03-2023 - ൽ മറുപടിയ്ക്ക്**

**അരൂർ ഫയർ സ്റ്റേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ദെലീമ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | അരൂർ മണ്ഡലത്തിലെ അരൂർ ഫയർ സ്റ്റേഷന്റെ നിർമ്മാണ പുരോഗതി വിശദമാക്കാമോ; | (എ) | അരൂർ ഫയർ സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി അഗ്നിരക്ഷാ സേവന വകുപ്പിന് കൈമാറി ലഭിച്ച അരൂർ വില്ലേജിൽ സർവ്വേ നം.409/5 ൽ പ്പെട്ട 17.78 സെന്റ് സ്ഥലത്തിൽ കൈവശ വിസ്തീർണ്ണം 13.5 സെന്റ് ആണ് ലഭ്യമായ 13.5 സെന്റ് സ്ഥലത്ത് അടിസ്ഥാന സൗകര്യങ്ങളോട്ടു കൂടിയ ഫയർ സ്റ്റേഷൻ നിർമ്മിക്കുന്നതിന് പൊതുമരാമത്ത് വകുപ്പിൽ നിന്നും ലഭ്യമാക്കിയ പ്ലാൻ അഗ്നിരക്ഷാ സേവന വകുപ്പ് മേധാവി അംഗീകരിച്ച് നിർമ്മാണ പെർമിറ്റിനായി അരൂർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയ്ക്ക് അയച്ചിരുന്നു. എന്നാൽ CRZ മേഖലയിൽ ഉൾപ്പെട്ട പ്രദേശമായതിനാൽ KCZMA യുടെ അനുമതി ആവശ്യമാണെന്നും കൂടാതെ പെർമിറ്റ് നൽകുന്നതിനുള്ള അപേക്ഷ 'സങ്കേതം' സോഫ്റ്റ് വെയറിലൂടെ ലഭ്യമാക്കണമെന്നും ഗ്രാമ പഞ്ചായത്ത് നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ 'സങ്കേതം' സോഫ്റ്റ് വെയറിലൂടെ 18.01.2023-ൽ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയ്ക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. അപേക്ഷ ഗ്രാമ പഞ്ചായത്തിന്റെ പരിശോധനകൾ പൂർത്തിയായതിനു ശേഷം KCZMA യുടെ അനുമതിക്കായി അയയ്ക്കുന്നതാണ്. |
| (ബി) | പ്രസ്തുത ഫയർ സ്റ്റേഷൻ നിർമ്മാണവുമായി ബന്ധപ്പെട്ട് കെ.സി. ഇസ്സഡ്.എം.എ. യുടെ അനുമതി ലഭ്യമായിട്ടുണ്ടോ എന്ന് വിശദമാക്കാമോ? | (ബി) | പിരിവ് (എ)-യിൽ ചേർത്തിരിക്കും പ്രകാരം |

സെക്ഷൻ ഓഫീസർ